**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 250** **15-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണവുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയിന്മേൽ തുടർനടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ കൈവശ ഭൂമിയിൽ ഉടമസ്ഥത, പാട്ടം തുടങ്ങിയ രേഖകൾ ഇല്ലാത്ത കൈവശക്കാർക്ക് പട്ടയം നൽകരുത് എന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നിർദ്ദേശം സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ; നിലവിൽ പട്ടയം ലഭിച്ചവരെ ഈ നിർദ്ദേശം ബാധിക്കുമോ; | (എ) | മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് 'One Earth One life' എന്ന സംഘടന ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10.01.2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ 1964ന് മുമ്പ് ഭൂമി കൈവശത്തിലാണ് എന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലായെന്നും 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനും ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ച്കൊണ്ട് ഉത്തരവായിട്ടുണ്ട്. 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ ബാധകമാകുന്ന പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂമി പതിവ് നടപടികൾക്കാണ് മേൽ ഉത്തരവ് ബാധകമാകുന്നത്. ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള മറ്റ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയ നടപടികളെ ഈ ഉത്തരവ് ബാധിക്കുന്നില്ല. 1964 ലെ ചട്ടങ്ങളിലെ ചട്ടം 7(1)ന്റെ സാധുത സംബന്ധിച്ചാണ് മേൽ ഇടക്കാല ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. ഈ ഉത്തരവിൽ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ പ്രാബല്യതീയതിയ്ക്ക് ശേഷമുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നത് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെ പട്ടയം ലഭിച്ചവരെ ഈ നിർദ്ദേശം നിലവിൽ ബാധിക്കുന്നതല്ല.<br><br>മേൽ ഹൈക്കോടതി ഉത്തരവ് ഇടുക്കി ജില്ലയ്ക്കാണ് ബാധകമാക്കിയിട്ടുള്ളത്. 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത |

| | | | |
|---|---|---|---|
| | | | ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തി പട്ടയ വിതരണ നടപടികളിലെ തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സാഹചര്യത്തിൽ അവശേഷിക്കുന്ന നാല്പത്തി രണ്ടായിരത്തിലധികം വരുന്ന പട്ടയത്തിനായുള്ള അപേക്ഷകളിന്മേൽ എന്ത് തുടർനടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് 'One Earth One life' എന്ന സംഘടന ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10.01.2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ 1964ന് മുമ്പ് ഭൂമി കൈവശത്തിലാണ് എന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലായെന്നും 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനും ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ച്കൊണ്ട് ഉത്തരവായിട്ടുണ്ട്. 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ ബാധകമാകുന്ന പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂമി പതിവ് നടപടികൾക്കാണ് മേൽ ഉത്തരവ് ബാധകമാകുന്നത്. ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള മറ്റ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയ നടപടികളെ ഈ ഉത്തരവ് ബാധിക്കുന്നില്ല. 1964 ലെ ചട്ടങ്ങളിലെ ചട്ടം 7(1)ന്റെ സാധുത സംബന്ധിച്ചാണ് മേൽ ഇടക്കാല ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. ഈ ഉത്തരവിൽ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ പ്രാബല്യതീയതിയ്ക്ക് ശേഷമുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നത് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെ പട്ടയം ലഭിച്ചവരെ ഈ നിർദ്ദേശം നിലവിൽ ബാധിക്കുന്നതല്ല.<br><br>മേൽ ഹൈക്കോടതി ഉത്തരവ് ഇടുക്കി ജില്ലയ്ക്കാണ് ബാധകമാക്കിയിട്ടുള്ളത്. 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തി പട്ടയ വിതരണ നടപടികളിലെ തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കൈവശ ഭൂമിയുടെ അവകാശം സ്ഥിരീകരിക്കാൻ വ്യക്തവും അനുഭാവപൂർണ്ണവുമായ നിലപാട് സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സർക്കാർ ഭൂമി (അസൈനബിൾ ലിസ്റ്റിൽ ഉൾപ്പെട്ട) കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പതിവ് ചെയ്ത് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ നിലവിലുള്ള നിയമവും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം പതിവിന് അർഹതയുണ്ടോ എന്ന് പരിശോധിച്ച് മുൻഗണനാക്രമം അനുസരിച്ച് പതിവ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ